*Regd with A/D*

**ചീഫ് ടൗൺപ്ലാനറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം -അച്ചടക്കനടപടി ശ്രീ.പോളി വർഗ്ഗീസ്, പ്യൂൺ-നെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടു ഉത്തരവാകുന്നു.

---

**എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ**

ഉത്തരവ് നമ്പർ. നമ്പർ. A6/4586/2018 തീയതി: 28.10.2021

---

പരാമർശം:-

1. 05.03.2011 ലെ ജി. ഒ(ആർ. ടി)നം. 706/11/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
2. 13.12.2017 ലെ എ1/6977/2016 നമ്പർ കുറ്റാരോപണ പത്രിക, ചാർജ്ജ് മെമ്മോ
3. 26.07.2019 ലെ നം. എ6/4586/2018 നമ്പർ അപ്പൻഡിക്സ് എച്ച്-5
4. 11.02.2019- ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ. പോളി വർഗ്ഗീസിന്റെ 25.03.2021 ലെ രാജി അപേക്ഷ.

**ഉത്തരവ്**

എറണാകുളം മേഖലാ നഗരാസൂത്രകന്റെ കാര്യാലയത്തിലെ പ്യൂൺ ആയിരുന്ന ശ്രീ.പോളി വർഗ്ഗീസിന് പരാമർശം (1) ഉത്തരവ് പ്രകാരം Appendix-XII C, part I KSR ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിദേശത്ത് പോകുന്നതിനായി 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചു ഉത്തരവായിരുന്നത് പ്രകാരം ടിയാൾ 07.03.2011 പൂർവ്വാഹ്നം ചുമതലകളിൽ നിന്നും വിടുതൽ ചെയ്തിരുന്നു. പ്രസ്തുത ശൂന്യവേതന അവധിയുടെ കാലയളവ് 06/03/2016 ൽ അവസാനിച്ചിരുന്നു. ലീവ് തീർന്ന ഉടൻ ജോലിയിൽ തിരികെ പ്രവേശിക്കുകയോ അല്ലെങ്കിൽ ലീവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ ചെയ്തില്ലെങ്കിൽ കേരള സിവിൽ സർവ്വീസ്സ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടം 1960 പ്രകാരം ടിയാനെതിരെ നടപടി സ്വീകരിക്കുമെന്ന് ലീവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ തന്നെ വ്യവസ്ഥ ചെയ്തിരുന്നതാണ്.

എന്നാൽ 5 വർഷം കഴിഞ്ഞിട്ടും ജോലിയിൽ തിരികെ പ്രവേശിക്കുകയോ അവധി ദീർഘിപ്പിച്ചു അപേക്ഷ നല്കുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ ടിയാനെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ പത്രികയും ചാർജ്ജ് മെമ്മോയും ടിയാളുടെ ഇന്ത്യയിലെ മേൽവിലാസത്തിൽ അയയ്ക്കുകയും ആയത് ടിയാൻ ഇന്ത്യ വിട്ടു എന്ന് രേഖപ്പെടുത്തി മടങ്ങി വന്നിരുന്നു. തുടർന്ന് ടിയാന്റെ വിദേശത്തെ മേൽവിലാസത്തിലും അയച്ചു നല്കിയെങ്കിലും ആയതിനു മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും

ആയതിന്റെ വിവരം അറിയിച്ചുകൊണ്ട് പരാമർശം(3) പ്രകാരം രണ്ട് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പത്ര പരസ്യത്തിനും പ്രതികരിക്കാത്ത സാഹചര്യത്തിൽ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ)1960 പ്രകാരം 07.03.2016 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ടിയാനെ സർവ്വീസിൽ നിന്നും പിരിച്ച് വിടുന്നതിനുള്ള താത്ക്കാലിക തീരുമാനം വകുപ്പ് കൈക്കൊണ്ടതായി അറിയിക്കുകയും പിരിച്ചുവിടുന്നതിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ് എന്ന് പരാമർശം (4) പ്രകാരം അറിയിച്ചിരുന്നു.

കാരണം കാണിക്കൽ നോട്ടീസ് ഇന്ത്യയിലെ ടിയാന്റെ അവസാനമായി അറിയാവുന്ന വിലാസത്തിൽ (കരിപ്പേളിൽ ഹൗസ് , രായമംഗലം (പി.ഒ)എറണാകുളം-683545) അയച്ചു എങ്കിലും വിലാസക്കാരൻ ഇന്ത്യ വിട്ടു എന്ന് രേഖപ്പെടുത്തി മടങ്ങി വന്നിരുന്നു. തുടർന്ന് പരാമർശം (5) പ്രകാരം രാജി അപേക്ഷ ഇമെയിൽ മുഖാന്തരം ഈ കാര്യാലയത്തിൽ ലഭ്യമായിരുന്നു. എന്നാൽ ടിയാൻ നല്കിയിട്ടുള്ള രാജി കത്തിൽ ടിയാന്റെ വ്യക്തമായ മേൽവിലാസം രേഖപ്പെടുത്തിയിരുന്നില്ല. ടിയാന്റെ രാജികത്തിൽ വ്യക്തമായ വിലാസം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും അച്ചടക്ക നടപടി അന്തിമഘട്ടത്തിലായതിനാലും അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകാൻ വകുപ്പ് തീരുമാനിച്ചു. മാത്രമല്ല ടിയാനെ പിരിച്ചു വിടുന്നത് കാണിച്ചു നോട്ടീസ് നല്കിയിരുന്നെങ്കിലും ആയതിനും ടിയാൻ പ്രതികരിച്ചിട്ടുമില്ല.

മേൽ സാഹചര്യത്തിൽ KSR Part I ചട്ടം 24 ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 07/03/2016 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന ശ്രീ.പോളി വർഗ്ഗീസ് പ്യൂണിനെ 07/03/2016 തീയതി പ്രാബല്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ& അപ്പീൽ ചട്ടങ്ങളിലെ ചട്ടം 11 (VII) പ്രകാരം സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,

പ്രമോദ്കുമാർ.സി.പി
ചീഫ് ടൗൺപ്ലാനർ

സ്വീകർത്താവ്:

1) Sri.Poly Varghese
32 Kenilworth Road,
Bognor Regis, West Sussex,
PO 21 5NF, United Kingdom.

2) ശ്രീ.പോളി വർഗ്ഗീസ്,
കാരിപ്പേളിൽ ഹൗസ്, (KARIPPELIL HOUSE)
രായമംഗലം.പി.ഒ,
എറണാകുളം-683545

പകർപ്പ്:-

1. സീനിയർ ടൗൺപ്ലാനർ, എറണാകുളം
2. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം(2 പ്രമുഖ മലയാള ദിന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന്ആമുഖ കത്ത് സഹിതം)
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം